# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം- 686560

ഫോൺ: 0481-2733370


## വാർത്താക്കുറിപ്പ്

**2024 ജൂൺ 30**

---

നാലു വർഷ ബിരുദ പ്രോഗ്രാമുകൾക്ക് ഇന്ന് തുടക്കം

# നവാഗതരെ വരവേൽക്കാൻ എം.ജി സർവകലാശാലയും കോളജുകളും

സംസ്ഥാനത്ത് ഇതാദ്യമായി ഇന്ന്(ജൂലൈ 1) തുടക്കം കുറിക്കുന്ന നാലു വർഷ ബിരുദ പ്രോഗ്രാമുകളിലെ വിദ്യാർഥികൾക്ക് മഹാത്മാ ഗാന്ധി സർവകലാശാലയിലും അഫിലിയേറ്റഡ് കോളജുകളിലും ഊഷ്മള വരവേൽപ്പ് നൽകും. ഇതിനായി സംസ്ഥാനതല ഉദ്ഘാടനച്ചടങ്ങിനോടനുബന്ധിച്ച് പ്രത്യേക പരിപാടി സംഘടിപ്പിച്ചിട്ടുണ്ട്.

സർവകലാശാലാ കാമ്പസിലെ 4+1 പ്രോഗാമിൽ പ്രവേശനം നേടിയ വിദ്യാർഥികളെ രാവിലെ 10ന് സ്കൂൾ ഓഫ് കെമിക്കൽ സയൻസസ് ഓഡിറ്റോറിയത്തിൽ ഗവേഷണ-പിജി വിദ്യാർഥികൾ സ്വീകരിക്കും. തുടർന്ന് കോളജ് ഡവലപ്മെന്റ് കൗൺസിൽ ഡയറക്ടർ ഡോ. പി.ആർ. ബിജു നവാഗതർക്ക് സർവകലാശാലയെ പരിചയപ്പെടുത്തും.

നവകേരള പോസ്റ്റ് ഡോക്ടറർ ഫെലോ ഡോ. എം. സ്മിത, രത്നശ്രീ എന്നിവർ നയിക്കുന്ന ഗാന്ധി സ്മൃതിക്കുശേഷം പതിനൊന്നിന് ഉദ്ഘാടനച്ചടങ്ങ് ആരംഭിക്കും. സർവകലാശാലാ ഗ്രാജ്വേറ്റ് സ്കൂൾ ഡയറക്ടറായ രജിസ്ട്രാർ ഡോ. കെ. ജയചന്ദ്രൻ അധ്യക്ഷത വഹിക്കും. 4+1 പ്രോഗ്രാമുകളെക്കുറിച്ച് സ്കൂൾ ഓഫ് ഗാന്ധിയൻ തോട്ട് ആന്റ് ഡവലപ്മെന്റ് സ്റ്റഡീസ് ഡയറക്ടർ ഡോ. പി.പി. നൗഷാദ് വിശദീകരിക്കും.

ഉച്ചയ്ക്ക് 12ന് നടക്കുന്ന സംസ്ഥാനതല ഉദ്ഘാടനച്ചടങ്ങിന്റെ തത്സമയ സംപ്രേഷണത്തെത്തുടർന്ന് സർവകലാശാലയിലെ ഉത്ഘാടനം വൈസ് ചാൻസലർ ഡോ. സി.ടി. അരവിന്ദകുമാർ നിർവഹിക്കും.

സിൻഡിക്കേറ്റ് അംഗങ്ങളായ അഡ്വ. റെജി സക്കറിയ, ഓണേഴ്സ് ബിരുദ പ്രോഗ്രാമുകളുടെ നിർവഹണ കമ്മിറ്റി കൺവീനറായ സിൻഡിക്കേറ്റ് അംഗം ഡോ. ബിജു പുഷ്പൻ എന്നിവർ ആശംസയർപ്പിക്കും. പരീക്ഷാ കൺട്രോളർ ഡോ. സി.എം. ശ്രീജിത്ത്, ഫിനാൻസ് ഓഫീസർ ബിജു മാത്യു, ഗ്രാജ്വേറ്റ് സ്കൂൾ ജോയിന്റ് ഡയറക്ടർമാരായ ഡോ. ശിൽപ്പ സതീഷ്, ഡോ. പി. അബ്ദുൽ ജബ്ബാർ, ഡോ. അപർണ ഈശ്വരൻ, ജനപ്രതിനിധികൾ, അക്കാദമിക് മോണിട്ടറിംഗ് കമ്മിറ്റി അംഗങ്ങൾ, വകുപ്പുതല നോഡൽ ഓഫീസർമാർ തുടങ്ങിയവർ പങ്കെടുക്കും.

എംജിയു-യുജിപി എന്ന പേരിലാണ് മഹാത്മാ ഗാന്ധി സർവകലാശാലയിലെ കോളജുകളിലെ ബിരുദ ഓണേഴ്സ് പ്രോഗ്രാമുകൾ അറിയപ്പെടുക. സിലബസ് വർക്ക് ഷോപ്പുകൾ, സിലബസ് സമർപ്പണം, അധ്യാപകർക്കും പ്ലസ് ടൂ വിദ്യാർഥികൾക്കുമുള്ള പരിശീല

നം തുടങ്ങിയവ സമയബന്ധിതമായി പൂർത്തീകരിച്ചാണ് പ്രോഗ്രാമുകൾക്ക് സർവകലാശാലയിൽ തുടക്കം കുറിക്കുന്നതെന്ന് ഡോ. ബിജു പുഷ്പൻ പറഞ്ഞു. ഗ്രാജ്വേറ്റ് സ്കൂളിനു കീഴിലാണ് സർകവലാശാലാ കാമ്പസിലെ 4+1 പ്രോഗ്രാമുകൾ നടക്കുക.

വിദ്യാർഥികളെ അറിവുത്പാദകരാക്കി മാറ്റുകയും അവർക്ക് ഗവേഷണം, സംരംഭകത്വം, തൊഴിൽ എന്നിവയ്ക്ക് കൂടുതൽ അവസരം സൃഷ്ടിക്കുകയും ചെയ്യുന്ന രീതിയിലാണ് ഓണേഴ്സ് ബിരുദവും 4+1 പ്രോഗ്രാമുകളും ചിട്ടപ്പെടുത്തിയിരിക്കുന്നതെന്ന് വൈസ് ചാൻസലർ ഡോ. സി.ടി. അരവിന്ദകുമാർ പറഞ്ഞു. വിദ്യാർഥികൾക്ക് ഗുണകരമാകുന്ന രീതിയിൽ സർവകലാശാലാ കാമ്പസിലെ ബിസിനസ് ഇന്നവേഷൻ ആന്റ് ഇൻക്യുബേഷൻ സെന്ററിന്റെ നേതൃത്വത്തിൽ അക്കാദമിക് സമൂഹവും വ്യവസായ മേഖലയുമായുള്ള സഹകരണം കൂടുതൽ സജീവമാക്കുമെന്നും അദ്ദേഹം വ്യക്തമാക്കി.
(പി.ആർ.ഒ/39/533/2024)

## സ്പോട്ട് അഡ്മിഷൻ ഇന്ന്

മഹാത്മാ ഗാന്ധി സർവകലാശാലയിലെ സ്കൂൾ ഓഫ് എൻവയോൺമെന്റൽ സയൻസസിൽ എംഎസ്സി അപ്ലൈഡ് ജിയോളജി, എംഎസ്സി എൻവയോൺമെന്റൽ സയൻസസ് പ്രോഗ്രാമുകളിൽ പട്ടികജാതി വിഭാഗത്തിന് സംവരണം ചെയ്ത യഥാക്രമം രണ്ടും ഒന്നും സീറ്റുകൾ ഒഴിവുണ്ട്. താത്പര്യമുള്ളവർ യോഗ്യതാ രേഖകളുടെ അസ്സലുമായി ഇന്ന്(ജൂലൈ 1) രാവിലെ 11ന് സ്കൂൾ ഓഫീസിൽ എത്തണം. ഫോൺ-0481 2733369, 8921456993
(പി.ആർ.ഒ/39/534/2024)

## ഹ്രസ്വകാല റെഗുലർ പാർട്ട് ടൈം പ്രോഗ്രാമുകൾ; ജൂലൈ 25 വരെ അപേക്ഷിക്കാം

മഹാത്മാഗാന്ധി സർവകലാശാലയ്ക്കു കീഴിലുള്ള ഡയറക്ടറേറ്റ് ഫോർ അപ്ലൈഡ് ഷോർട് ടേം പ്രോഗ്രാംസ് നടത്തുന്ന സർട്ടിഫിക്കേറ്റ് ഇൻ ബിസിനസ് ഡാറ്റ അനാലിസിസ് യൂസിംഗ് ടാലി ഇആർപി ആന്റ് എംഎസ് എക്സൽ(യോഗ്യത-പ്ലസ് ടൂ), പോസ്റ്റ് ഗ്രാജ്വേറ്റ് സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ ഫുഡ് അനാലിസിസ് ആന്റ് ക്വാളിറ്റി കൺട്രോൾ(യോഗ്യത-ബിരുദം), പോസ്റ്റ് ഗ്രാജ്വേറ്റ് സർട്ടിഫിക്കറ്റ് ഇൻ ഇൻസ്ട്രുമെന്റൽ മെതേഡ്സ് ഓഫ് കെമിക്കൽ അനാലിസിസ്(യോഗ്യത -ബിരുദം), പോസ്റ്റ് ഗ്രാജ്വേറ്റ് ഡിപ്ലോമ ഇൻ ഫുഡ് അനാലിസിസ് ആന്റ് ക്വാളിറ്റി കൺട്രോൾ(യോഗ്യത-ബിരുദം) എന്നീ റഗുലർ പാർട്ട് ടൈം ഹ്രസ്വകാല പ്രോഗ്രാമുകളിലേക്ക് ജൂലൈ 25 വരെ അപേക്ഷിക്കാം.

വിശദ വിവരങ്ങൾ വെബ്സൈറ്റിൽ (www.dasp.mgu.ac.in). ഫോൺ-8078786798, 0481 2733292. ഇമെയിൽ-dasp@mgu.ac.in

(പി.ആർ.ഒ/39/535/2024)

**പബ്ലിക് റിലേഷൻസ് ഓഫീസർ**